# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബര്‍ 4 ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ -30)

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ഊര്‍ജ്ജ വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

## പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും പദ്ധതി

*181 ശ്രീ. കെ. ദാസന്‍
,, ജെയിംസ് മാത്യു
,, എം. ഹംസ
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും ഈ സര്‍ക്കാര്‍ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കില്‍ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പരമ്പരാഗത വ്യവസായരംഗത്ത് ഏതെല്ലാം പദ്ധതികളായിരുന്നു മുന്‍സര്‍ക്കാര്‍ നടപ്പാക്കുകയും തുടക്കം കുറിക്കുകയും ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് ഈ സര്‍ക്കാര്‍ സ്വീകരിക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികള്‍ എന്തെല്ലാമാണ് ;

(ഡി) കേന്ദ്ര സഹായം നേടുന്നതിനായി എന്തെല്ലാം പദ്ധതികളാണിതിനകം തയ്യാറാക്കപ്പെട്ടിട്ടുള്ളത് ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*182 ശ്രീ. എ. റ്റി. ജോർജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് തുകയാണ് അടങ്കൽ ആയി നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കേസുകളിൽ പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ</u>

*183 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകളിൽ പിടിച്ചെടുത്തിട്ടുള്ള എത്ര വാഹനങ്ങൾ വിവിധ ഫോറസ്റ്റ് ഓഫീസുകളിൽ സൂക്ഷിക്കുന്നുണ്ട്;

(ബി) അത്തരം വാഹനങ്ങൾ വിട്ടുനൽകുന്നതിനോ കണ്ടുകെട്ടുന്നതിനോ ഉള്ള കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ജലവൈദ്യുതി നിലയങ്ങള്‍ക്ക് ഐ.എസ്.ഒ. നിലവാരം</u>

*184 ശ്രീ. റ്റി.എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുതി നിലയങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ പ്രാരംഭ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇതിന് കണ്‍സള്‍ട്ടന്‍സിയെ വയ്ക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) വൈദ്യുതി നിലയങ്ങളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതുമൂലമുള്ള നേട്ടങ്ങള്‍ എന്തെല്ലാമെന്ന് വിവരിക്കുമോ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

വികലാംഗര്‍ക്കായി വിവിധ ഏജന്‍സികള്‍ വഴിയുള്ള ക്ഷേമ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കാന്‍ നടപടി

*185 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, പി. ഉബൈദുള്ള
,, പി. കെ. ബഷീര്‍
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡിഫറന്റ്ലി ഏബിള്‍ഡ് വിഭാഗത്തില്‍പെടുന്നവരുടെ ക്ഷേമപ്രവര്‍ത്തനങ്ങള്‍ ഏതെല്ലാം ഏജന്‍സികള്‍ മുഖേനയാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഒന്നിലധികം ഏജന്‍സികള്‍ ഈ പ്രവര്‍ത്തനം ഏറ്റെടുത്തു നടത്തുന്നതുമൂലം പ്രവര്‍ത്തനത്തില്‍ ഏകോപനമില്ലെന്നും ചെലവഴിക്കുന്ന തുകയ്ക്കാനുപാതികമായ ഗുണം ആ വിഭാഗത്തിനു ലഭിക്കുന്നില്ലെന്നും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വികലാംഗര്‍ക്ക് പലഘട്ടങ്ങളിലായി വിവിധ ഏജന്‍സികള്‍ ഒന്നിലേറെ തിരിച്ചറിയല്‍ കാര്‍ഡുകള്‍ വിതരണം ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഈ തിരിച്ചറിയല്‍ കാര്‍ഡുകളൊന്നും അവര്‍ക്ക് ഗുണകരമായിട്ടില്ലെന്നും അതിന്റെ അടിസ്ഥാനത്തില്‍ ആനുകൂല്യങ്ങളൊന്നും അവര്‍ക്ക് ലഭിക്കുന്നില്ലെന്നും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) സ്ഥിരവൈകല്യമുള്ളവര്‍ക്ക് കാര്‍ഡിന്റെ അടിസ്ഥാനത്തില്‍ അര്‍ഹതപ്പെട്ട ആനുകൂ ല്യങ്ങള്‍ എല്ലായിടത്തും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ:

(എഫ്) വിവിധ ഏജന്‍സികള്‍ ഏകോപനമില്ലാതെ വികലാംഗരുടെ പേരില്‍ വ്യത്യസ്ത പദ്ധതികളിലായി അവര്‍ക്ക് പ്രയോജനം ലഭിക്കാത്ത നടപടികള്‍ സ്വീകരിക്കുന്നത് ഒഴിവാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

# 04.10.2011-ലെ മറുപടിക്ക്

അടിസ്ഥാന സൗകര്യവികസനത്തിലെ പങ്കാളിത്തം

*186 ശ്രീ.എസ്. ശര്‍മ്മ
,, എ. പ്രദീപ്കുമാര്‍
,, ബാബു എം. പാലിശ്ശേരി
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടിസ്ഥാന സൗകര്യ വികസന രംഗത്ത് പി.പി.പി. പദ്ധതികള്‍ അനുവദിക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച സര്‍ക്കാര്‍ നിലപാടും നടപടിക്രമങ്ങളും വിശദമാക്കാമോ ;

(ബി) എങ്കില്‍ ഏതെല്ലാം മേഖലയിലാണെന്ന് വെളിപ്പെടുത്താമോ ; ഏതെങ്കിലും പദ്ധതി ഇതിനായി തയ്യാറാക്കപ്പെട്ടിട്ടുണ്ടോ ; എങ്കില്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ

*187 ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾ ഉണ്ട്;

(ബി) പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

ചലച്ചിത്ര അക്കാദമി പുന:സംഘടന

*188 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, പുരുഷൻ കടലുണ്ടി
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാദമി പുന:സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പുന:സംഘടിപ്പിക്കപ്പെട്ട അക്കാദമിയിൽ ചലച്ചിത്ര രംഗത്ത് നിന്നുള്ള പ്രമുഖർ എത്രയാണ്; ആരൊക്കെ; ചലച്ചിത്ര രംഗത്തു നിന്നല്ലാത്തവർ ആരൊക്കെയാണ്; വെളിപ്പെടുത്താമോ;

(ബി) അക്കാദമി തുടർന്നുവരുന്നതും ലക്ഷ്യമിട്ടിരിക്കുന്നതുമായ പരിപാടികൾ സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ബൈതരണിയിലെ കൽക്കരി ഉപയോഗപ്പെടുത്തി വൈദ്യുതി നിലയം</u>

*189 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ.കെ. ബാലൻ
,, ബി.ഡി. ദേവസ്സി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൈതരണി കല്ക്കരി പാടത്തു നിന്നും കേരളത്തിന് അനുവദിച്ച കല്ക്കരി ഉപയോഗപ്പെടുത്തി എൻ.ടി.പി.സി. യുമായി സഹകരിച്ച് വൈദ്യുതി നിലയം സ്ഥാപിക്കാനുളള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത നിലയം എവിടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം സ്ഥാപിക്കുന്ന നിലയത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും കേരളത്തിന് ലഭിക്കുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>വനഭൂമിയിൽ നിന്നുള്ള മരം മോഷണം</u>

*190 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എസ്. രാജേന്ദ്രൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ മരങ്ങൾ മോഷ്ടിക്കപ്പെടുന്നതായ സംഭവങ്ങൾ വർദ്ധിച്ച തോതിൽ നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) മരങ്ങൾ മുറിച്ച് കടത്തുന്നത് തടയാനുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മരങ്ങൾ മുറിച്ചുകടത്തിയ എത്ര സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>'നിർദ്ദേശ്' പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനം</u>

*191 ശ്രീ. എളമരം കരീം
,, പുരുഷൻ കടലുണ്ടി
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ ചാലിയത്ത് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ കേന്ദ്ര പ്രതിരോധ വകുപ്പ് സ്ഥാപിക്കുന്ന 'നിർദ്ദേശ്' എന്ന പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) കെ.എസ്.ഐ.ഡി.സി. മുൻകൈ എടുത്ത് കൊണ്ടുവന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രദേശത്തെ പരിസരവാസികളുടെ ജീവിതസൗകര്യം അഭിവൃദ്ധിപ്പെടുത്താൻ കോഴിക്കോട് ജില്ലാകളക്ടർ തയ്യാറാക്കിയ പുനരധിവാസപാക്കേജിന്റെ ചെലവിലേക്ക് കെ.എസ്.ഐ.ഡി.സി. നൽകാമെന്നേറ്റ ഒരു കോടി രൂപ നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

വൈദ്യുത ലൈനുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ നടപടി

*192 ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനായി വൈദ്യുതി വിതരണലൈനുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിപാലനം ശക്തിപ്പെടുത്തുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഉല്പാദന നിലയങ്ങളിലും പ്രസരണ ശൃംഖലയിലും അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ കണക്കിലെടുത്ത് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൂടുതലായി എന്തെങ്കിലും സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റെയിൽവേ വികസനം</u>

*193 ശ്രീ. ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ റെയിൽവേ വികസനത്തിനുവേണ്ടി എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) റെയിൽവേ വികസനത്തിനുള്ള പ്രവർത്തനങ്ങൾക്കു മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) റെയിൽവേ കോച്ച് ഫാക്ടറി പ്രോജക്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഏതെല്ലാംട്രെയിനുകളുടെ കാര്യത്തിലാണ് തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ഗ്രാമങ്ങളിൽ ഐ. ടി. വികസനം സാദ്ധ്യമാക്കുന്നതിന് നടപടി</u>

*194 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ ഐ. ടി. വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമങ്ങളിൽ ബി. പി. ഒ. കേന്ദ്രങ്ങൾ തുടങ്ങാൻ ധനസഹായം നൽകുമോ;

(സി) ടെക്നോപാർക്കുകളിലെ കമ്പനികൾ ഈ പദ്ധതിയോട് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വനാതിര്‍ത്തിയിലെ കൃഷിഭൂമി</u>

*195 ശ്രീ. സി. മോയിന്‍കുട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ.എന്‍. എ ഖാദര്‍
,, എന്‍.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനഭൂമിയോട് ചേര്‍ന്ന് കൃഷിഭൂമി കൈവശമുളള കര്‍ഷകര്‍ നേരിടുന്ന പ്രശ്നങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവര്‍ക്ക് വീട് നിര്‍മ്മിക്കുന്നതിനോ കൃഷി ചെയ്യാനോ അനുമതി ലഭിക്കാത്ത സാഹചര്യം നിലനില്‍ക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വനഭൂമിയോട് ചേര്‍ന്നും, നദീതീരത്തെ പുറമ്പോക്കുകളിലും റിസോര്‍ട്ടുകള്‍ പ്രവര്‍ത്തിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;എങ്കില്‍ അവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വനഭൂമിയോട് ചേര്‍ന്ന് കൃഷിഭൂമിയുളള കര്‍ഷകര്‍ നേരിടുന്ന പ്രശ്നങ്ങള്‍ പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വയോമിത്രം പദ്ധതി</u>

*196 ശ്രീ. പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവന്‍
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വയോമിത്രം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(സി) ഈ പദ്ധതിയ്ക്കായി എത്ര തുക നീക്കിവെച്ചിരിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കാവുകളെ സംരക്ഷിക്കൽ</u>

*197 ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക-പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി കാവുകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കാവുകളെ സംബന്ധിച്ച സർവ്വേയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചതു വഴി കെ. എസ്. ഇ.ബി ക്കു കൈവരിക്കാൻ കഴിഞ്ഞ നേട്ടം

*198 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽ എത്ര ശതമാനത്തിന് ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾക്കു പകരം ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചു നല്കി എന്നറിയിക്കുമോ ;

(ബി) ഇലക്ടോണിക് മീറ്റർ സ്ഥാപിച്ചതു വഴി കെ. എസ്. ഇ.ബി ക്കു കൈവരിക്കാൻ കഴിഞ്ഞ നേട്ടമെന്താണ് ;

(സി) ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളെ അപേക്ഷിച്ച് ഇലക്ട്രോണിക് മീറ്ററുകളുടെ മേന്മയെന്താണ് ; ഇതിന്റെ പ്രവർത്തന കൃത്യത നിരന്തര നിരീക്ഷണത്തിന് വിധേയമാക്കാറുണ്ടോ ;

(ഡി) വൈദ്യുതി ഉപഭോക്താക്കൾക്കുള്ള ഇലക്ട്രോണിക് മീറ്റർ സപ്ലൈ ചെയ്യുന്നത് ഏത് ഏജൻസിയാണ് ;

(ഇ) ഇലക്ട്രോണിക് മീറ്ററുകളുടെ പ്രവർത്തന ക്ഷമതയെ സംബന്ധിച്ച് ഉപഭോക്താക്കളിൽ നിന്ന് പരാതികൾ ഉയർന്നിട്ടുണ്ടോ ; ആയത് പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കാലഹരണപ്പെട്ട നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് നടപടി</u>

*199 ശ്രീ. പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. പ്രദീപ്കുമാർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം നഗരസഭകളുടെ മാസ്റ്റർ പ്ലാനുകളാണ് കോടതി റദ്ദാക്കിയിരിക്കുന്നത് ; ഈ നഗരങ്ങളിൽ യാതൊരു നിയന്ത്രണവുമില്ലാതെ കെട്ടിട നിർമ്മാണാനുമതികൾ നൽകുന്നുണ്ടോ ;

(സി) നഗരാസൂത്രണ പദ്ധതികളിൽ നിന്നും കെട്ടിട നിർമ്മാണങ്ങൾക്ക് വ്യക്തിഗത ഇളവ് ഇപ്പോൾ നൽകുന്നുണ്ടോ ; എങ്കിൽ ഏത് നിയമവ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

*200 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ;

(ബി) പദ്ധതിപ്രവർത്തനത്തിൽ മാന്ദ്യമുണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര വീടുകൾക്ക് സഹായം നല്കാനാണ് ലക്ഷ്യമിട്ടത് ; എത്രത്തോളം പൂർത്തിയാക്കാനായി ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ധനസമാഹരണം നടത്തിയത് ഏതു വിധത്തിലെന്നും, എത്രത്തോളം തുക സമാഹരിച്ചു എന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

കേന്ദ്ര വന്യ-ജീവി സംരക്ഷണ നിയമം

*201 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന കേന്ദ്ര വന്യ-ജീവി സംരക്ഷണനിയമപ്രകാരം എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) വംശനാശം നേരിടുന്ന പക്ഷി-മൃഗ-സസ്യാദികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കായിക പ്രതിഭകളെ വാര്‍ത്തെടുക്കല്‍</u>

*202 ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. മുല്ലക്കര രത്നാകരന്‍
,, വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വേണ്ടത്ര സാമ്പത്തിക ഭദ്രതയും പരിശീലന സൗകര്യങ്ങളും ലഭിക്കാത്തതിനാല്‍ കായിക പ്രതിഭകള്‍ക്ക് പൂര്‍ണ്ണമായി കഴിവ് പ്രകടിപ്പിക്കാന്‍ കഴിയാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ അത്തരം പ്രതിഭകള്‍ക്ക് പ്രൈമറിസ്ക്കൂള്‍ തലം മുതല്‍ സര്‍ക്കാര്‍ ചെലവില്‍ വിദഗ്ദ്ധ പരിശീലനം ലഭിക്കത്തക്കവിധം ഒരു സമഗ്ര പദ്ധതിക്ക് രൂപം നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി</u>

*203 ശ്രീ. പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയിലൂടെ സർക്കാർ എന്താണ് വിഭാവനം ചെയ്തിട്ടുളളത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തു തുകയുടെ നിക്ഷേപ സാദ്ധ്യതയാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഭൂലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ;ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കായംകുളം താപനിലയം</u>

*204 ശ്രീ. രാജു എബ്രഹാം
,, ജി. സുധാകരൻ
,, സി.കെ. സദാശിവൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി. യുടെ കായംകുളം താപനിലയം പ്രകൃതിവാതകം ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) നിലവിലുള്ള ഇന്ധനത്തിന് പകരം നിർദ്ദിഷ്ട എൽ.എൻ.ജി. ടെർമിനലിൽ നിന്നുള്ള പ്രകൃതി വാതകം ഉപയോഗപ്പെടുത്തുമ്പോൾ ബോർഡിനുണ്ടാകുന്ന നേട്ടകോട്ടങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ കായംകുളം നിലയത്തിന് തദ്ദേശീയ പ്രകൃതിവാതകം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പരിസ്ഥിതി സൗഹൃദ ഐ. ടി. പാര്‍ക്കുകള്‍</u>

*205 ശ്രീ. ലൂഡി ലൂയിസ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇനി ആരംഭിക്കുന്ന ഐ. ടി. പാര്‍ക്കുകള്‍ പൂര്‍ണ്ണമായും പരിസ്ഥിതി സൗഹാര്‍ദ്ദമാണെന്ന് ഉറപ്പുവരുത്തുവാന്‍ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതിക്ക് ഹാനികരമാവാത്ത വിധത്തില്‍ സെമികണ്ടക്ടര്‍ യൂണിറ്റുകള്‍ തുടങ്ങുവാന്‍ പ്രോത്സാഹനം നല്‍കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>റെയർ എർത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം</u>

*206 ശ്രീ. മഞ്ഞളാംകുഴി അലി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ റെയർ എർത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് വ്യവസായ വകുപ്പിനു കീഴിൽ നിലവിലുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ സാങ്കേതിക വിദ്യ ലഭ്യമാണോ; അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ടൈറ്റാനിയം സ്പഞ്ച് നിർമ്മിക്കുന്നത് സംബന്ധിച്ച് സംസ്ഥാനം കൈവരിച്ച നേട്ടം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ലോഹമണൽ ശേഖരം സ്വകാര്യമേഖല ചൂഷണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഇ) ലോഹമണൽ വേർതിരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് ആവശ്യമായ സാങ്കേതികവിദ്യ ആഭ്യന്തരമായി വികസിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഗവേഷണ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിന് കൂടുതൽ പ്രാധാന്യം നൽകുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പ്രത്യേക റയിൽവേ സോൺ</u>

*207 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി.എസ്. സുനിൽകുമാർ
,, കെ.അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പ്രത്യേക റയിൽവേ സോൺ അനുവദിക്കുന്നതിന് സാദ്ധ്യതയുണ്ടോ;

(ബി) ഇല്ലെങ്കിൽ സോൺ അനുവദിക്കുന്നതിന് പ്രായോഗിക തടസ്സമുളളതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ എന്തെല്ലാമാണെന്നാണ് അറിയിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(ഡി) സ്വകാര്യ പങ്കാളിത്തമില്ലാതെ റയിൽവേ വികസനം സാദ്ധ്യമല്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായത്തോട് സംസ്ഥാന ഗവൺമെന്റ് യോജിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് യുവ ക്രീഡാ ഓര്‍ ഖേല്‍ അഭിയാന്‍ പദ്ധതി</u>

*208 ശ്രീ. കെ. അജിത്

,, ജി.എസ്. ജയലാല്‍

,,

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമീണ കായിക മേഖലയുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) 'പഞ്ചായത്ത് യുവ ക്രീഡാ ഓര്‍ ഖേല്‍ അഭിയാന്‍' നടപ്പാക്കാനുള്ള നടപടികളെടുത്തിട്ടുണ്ടോ ; എങ്കില്‍ ഇതുവരെ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയില്‍ കായിക ഇനങ്ങളെ ഉള്‍പ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഓരോയിനത്തിനും ഗ്രാമ പഞ്ചായത്തുകള്‍ക്ക് എത്ര രൂപ വീതം സഹായം ലഭിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>സമഗ്ര കോൾ സെന്ററുകൾണ തുടങ്ങാൻ നടപടി</u>

*209 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ
,, എം. എ വാഹീദ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് അറിവു ലഭിക്കുന്നതിനായി സമഗ്ര കോൾ സെന്ററുകൾ തുടങ്ങാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനരീതി എങ്ങനെയായിരിക്കണം എന്നാണ് കരുതുന്നത്;

(സി) ഇതിന് ന്യൂജനറേഷൻ മൊബൈൽ സൗകര്യങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>മാലിന്യ സംസ്ക്കരണത്തിന് മാസ്റ്റർ പ്ലാൻ</u>

*210 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പാലോട് രവി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യസംസ്ക്കരണത്തിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആരെയാണ് ഏല്പ്പിച്ചിരിക്കുന്നത് ;

(ഡി) മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നടപടികൾ എന്നുതുടങ്ങാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 25.